ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ജൽജീവൻ ദൗത്യത്തിലൂടെ സാധിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu said that the lives of people living in rural areas of the country has been significantly improved due to the Jal Jeevan Mission. President conferred the 5th National Water Awards 2023 in New Delhi today.**

2) 16-മത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് റഷ്യയിലെത്തും.

**Prime Minister Narendra Modi embarks on a two-day visit to Russia beginning today to attend BRICS Summit in Kazan**

3) 2027-ഓടെ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഇന്ത്യ മാറുമെന്ന് ഐഎംഎഫ് പ്രവചിക്കുന്നതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

**IMF has projected India to become the third-largest economy by 2027, says Union Finance Minister Nirmala Sitaraman.**

4) മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൻറെയും, ഝാർഖണ്ഡ് തിരഞ്ഞെടുപ്പ് രണ്ടാംഘട്ടത്തിൻറെയും വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

**Notification for second phase of Assembly elections in Jharkhand and single phase polling in Maharashtra is issued today.**

5) ഡൽഹിയിൽ വായു മലിനീകരണം രൂക്ഷമായ സാഹചര്യത്തിൽ നിയന്ത്രണങ്ങൾ കർശനമാക്കി.

**In view of the deteriorating Air quality in Delhi and the NCR region, Stage-2 of Graded Response Action Plan (GRAP) Action Plan will be invoked across the National Capital Region from 8 AM today.**

6) ബംഗാൾ ഉൾക്കടലിൽ രൂപംകൊള്ളുന്ന തീവ്ര ചുഴലിക്കാറ്റ് 'ദാന'യുടെ പശ്ചാത്തലത്തിൽ ഒഡീഷ തീരത്ത് ജാഗ്രതാ മുന്നറിയിപ്പ്.

**The severe cyclonic storm 'Dana' is heading towards Odisha coast as the cyclonic circulation is gaining strength in Bay of Bengal.**

**$$$$$$$$$$$$$$$$$$$$$$$$$$**

**PRESIDENT (INTRO)**

*ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ജൽജീവൻ ദൗത്യത്തിലൂടെ സാധിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു. ഓരോവീടുകളിലും കുടിവെള്ളമെത്തിക്കാൻ ദൗത്യത്തിലൂടെ കഴിഞ്ഞതായും 2023 ലെ ദേശീയ ജല പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ വിതരണം ചെയ്തുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. ജല സംരക്ഷണത്തിനായി കേന്ദ്രസർക്കാർ നിരവധി നടപടികളാണ് സ്വീകരിച്ചു വരുന്നത്. അടൽ ഭൂജൽ യോജന, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന തുടങ്ങിയ പദ്ധതികളിലൂടെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്നും രാഷ്ട്രപതി പറഞ്ഞു. ജല സംരക്ഷണത്തിനായി കേന്ദ്ര ജലശക്തി മന്ത്രാലയം നടത്തുന്ന പ്രവർത്തനങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു.*

*(ഹോൾഡ്)*

*മികച്ച സംസ്ഥാനം, ജില്ല, ഗ്രാമ പഞ്ചായത്ത്, തദ്ദേശ സ്ഥാപനം, സംഘടന*

***എന്നിങ്ങനെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികളാണ് പുരസ്കാരം ഏറ്റുവാങ്ങിയത്. മികച്ച സംസ്ഥാനം എന്ന വിഭാഗത്തിൽ ഒഡീഷയും ഉത്തർപ്രദേശുമാണ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയത്. മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറയ്ക്ക് ലഭിച്ചു. ആദ്യമായാണ് കേരളത്തിലെ ഒരു ഗ്രാമ പഞ്ചായത്തിന് ഈ പുരസ്കാരം ലഭിക്കുന്നത്.***

$$$$$$$$$$$$$$$$$$$$$$$$$

## PM- DEPARTURE STATEMENT

16-മത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യയിലെ കസാനിലേക്ക് പുറപ്പെട്ടു. ബ്രിക്സുമായുള്ള സഹകരണത്തെ ഇന്ത്യ വളരെയേറെ വിലമതിക്കുന്നതായി പ്രധാനമന്ത്രി സന്ദർശനത്തിന് മുന്നോടിയായുള്ള പ്രസ്താവനയിൽ പറഞ്ഞു. ആഗോള വികസന അജണ്ട, കാലാവസ്ഥാ വ്യതിയാനം, സാമ്പത്തിക സഹകരണം തുടങ്ങി വിവിധ വിഷയങ്ങളിലെ സുപ്രധാന ചർച്ചകളാണ് ഉച്ചകോടിയിൽ നടക്കുക. പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം ബ്രിക്സ് വിപുലീകരിച്ചത് ആഗോള നന്മയ്ക്ക് സഹായകമാകുമെന്നും ശ്രീ മോദി പറഞ്ഞു. ഇന്ത്യയും റഷ്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിന് രണ്ട് ദിവസത്തെ സന്ദർശനം സഹായിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$

## NIRMALA- COLUMBIA SESSION (INTRO)

***2027-ഓടെ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഇന്ത്യ മാറുമെന്ന് ഐഎംഎഫ് പ്രവചിക്കുന്നതായി കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. കുറഞ്ഞ നിഷ്ക്രിയ ആസ്തികളും ഉയർന്ന മൂലധന പര്യാപ്തതയും, ഇന്ത്യൻ ബാങ്കിംഗ് സംവിധാനത്തെ ദൃഢമാക്കുന്നതായും ന്യൂയോർക്കിലെ കൊളംബിയ സർവകലാശാലയിൽ നടന്ന പരിപാടിയിൽ ധനമന്ത്രി പറഞ്ഞു. ഡിജിറ്റൽ അടിസ്ഥാനസൗകര്യ വികസനങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ആഗോള തലത്തിൽ ഇന്ത്യയുടെ പ്രാധാന്യം വർദ്ധിച്ചു വരുന്നതായും, അന്താരാഷ്ട്ര സമൂഹവുമായി ഗുണപരമായ ഇടപെടലുകൾ നടത്താൻ ഇന്ത്യ സന്നദ്ധമാണെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.***

*(ഹോൾഡ്)*

'വെല്ലുവിളി നിറഞ്ഞ ആഗോള സാഹചര്യത്തിൽ ഇന്ത്യയുടെ സാമ്പത്തിക സാധ്യതകൾ' എന്ന പ്രമേയത്തെ ആസ്പദമാക്കി നടന്ന ചർച്ചയെയാണ് ധനമന്ത്രി അഭിസംബോധന ചെയ്തത്.

$$$$$$$$$$$$$$$$$$$$$$$$$$

**DAY JHARKHAND – NOTIFICATION**

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൻറെയും, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് രണ്ടാംഘട്ടത്തിൻറെയും വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. മഹാരാഷ്ട്രയിലെ 288 നിയമസഭാ സീറ്റുകളിൽ നവംബർ 20 ന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. ഝാർഖണ്ഡിലെ 38 മണ്ഡലങ്ങളിൽ അടുത്ത മാസം 20 ന് രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കും. ഈ മാസം 29– ആണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. 30 ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കും. നവംബർ 23 നാണ് വോട്ടെണ്ണൽ.

$$$$$$$$$$$$$$$$$$$$$$$$$$

**BY ELECTION**

കേരളത്തിൽ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശാ പത്രിക സമർപ്പണം വെള്ളിയാഴ്ച അവസാനിക്കും. തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ ഊർജിതമാക്കിയിരിക്കുകയാണ് മുന്നണികൾ. വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. അടുത്ത മാസം 13ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും.

$$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..........

$$$$$$$$$$$$$$$$$$$$$$$$$$

**DELHI POLLUTION**

ഡൽഹിയിൽ വായു മലിനീകരണം രൂക്ഷമായ പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ ശക്തമാക്കി. ദേശീയ തലസ്ഥാന മേഖലയിൽ രാവിലെ 8 മണി മുതൽ മലിനീകരണ നിയന്ത്രണത്തിനുള്ള ലെവൽ 2 കർമ പദ്ധതി നിലവിൽ വന്നു. ഇതുപ്രകാരം പൊടി സൃഷ്ടിക്കുന്ന തരം നിർമ്മാണ പ്രവർത്തികൾ, ഖര, ജൈവ മാലിന്യം കത്തിക്കൽ എന്നിവ നിർത്തിവയ്ക്കാൻ ജനങ്ങൾക്ക് നിർദ്ദേശം നൽകി. നിർമാണ സൈറ്റുകളിൽ പരിശോധന കർശനമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$

**ODISHA-CYCLONIC**

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഒഡീഷ തീരത്തേക്ക് നീങ്ങുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചുഴലിക്കാറ്റ് വ്യാഴാഴ്ച രാത്രിയോടെയോ വെള്ളിയാഴ്ചയോ 120 കിലോമീറ്റർ വേഗതയിൽ തീരം തൊടുമെന്നാണ് പ്രവചിക്കപ്പെടുന്നത്. ഒഡീഷ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളെയാണ് ഇത് കൂടുതലായി ബാധിക്കുക. ചുഴലിക്കാറ്റ് ബാധിക്കാൻ ഇടയുള്ള ഇടങ്ങളിൽ നിന്ന് ജനങ്ങളെ പൂർണമായി ഒഴിപ്പിക്കാനുള്ള നടപടി ഒഡീഷ സർക്കാർ സ്വീകരിച്ചു വരികയാണ്. തീരദേശ ജില്ലകളിൽ ദേശീയ ദുരന്ത പ്രതികരണ സേനയുടെ 11 സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. കര- നാവിക സേനകളും കോസ്റ്റ് ഗാർഡും സഹായത്തിനായുണ്ട്. 14 ജില്ലകളിലെ വിദ്യാലയങ്ങൾക്കും മൂന്ന് ദിവസത്തെ അവധി നൽകി. ചുഴലിക്കാറ്റിന്റെ സ്വാധീനത്താൽ കനത്ത മഴയ്ക്കും, മിന്നൽ പ്രളയത്തിനും സാധ്യതയുള്ളതിനാൽ അതീവ ജാഗ്രത പാലിക്കണമെന്നാണ് കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്.

$$$$$$$$$$$$$$$$$$$$$$$$$$

**PM + JAYASHANKAR**

മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷായുടെ ജന്മദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ. കഠിനാധ്വാനിയായ നേതാവാണ് ശ്രീ അമിത് ഷാ എന്നും ഭരണകർത്താവെന്ന നിലയിൽ നിസ്തുല പ്രവർത്തനമാണ് അദ്ദേഹം നടത്തുന്നതെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$

## HM- ASHGAQULLA TRIBUTE

സ്വാതന്ത്ര്യ സമര സേനാനിയും കക്കോരി സംഭവത്തിൽ പങ്കെടുത്ത ധീര യോദ്ധാവുമായ അഷ്ഫക്കുള്ള ഖാന് രാജ്യം ഇന്ന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. ഇന്ത്യയെ സ്വതന്ത്രമാക്കാനുള്ള ശ്രമങ്ങളിൽ, വിപ്ലവ ചിന്തകളിലൂടെയും കവിതകളിലൂടെയും യുവജനങ്ങളെ സ്വാധീനിക്കാൻ അഷ്ഫക്കുള്ള ഖാന് സാധിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$

## RAJNATH SINGH

ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സിംഗപ്പൂർ പ്രതിരോധ മന്ത്രി എങ് ഇംഗ് ഹെൻ എന്നിവർ സംഭാഷണത്തിന് സഹ-അധ്യക്ഷത വഹിക്കും. പങ്കാളിത്ത താൽപ്പര്യമുള്ള വിവിധ വിഷയങ്ങൾ നേതാക്കൾ ചർച്ച ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന്. പരിപാടിയുടെ 115-ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങളും അഭിപ്രായങ്ങളും അറിയിക്കാവുന്നതാണ്.

$$$$$$$$$$$$$$$$$$$$$$$$$$

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ – ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$

## SENSEX +GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 436 പോയിന്റ് താഴ്ന്ന് 80,714 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 151 പോയിന്റ് ഇടിഞ്ഞ് 24,629 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവിലയിൽ മാറ്റമില്ല. പവന് 58,400 രൂപയും ഗ്രാമിന് 7,300 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$$

## MEA- PALESTINE ASSISTANCE

പലസ്തീൻ ജനതയ്ക്കുള്ള ആദ്യഘട്ട മാനുഷിക സഹായം ഇന്ത്യ ഇന്ന് അയച്ചു. 30 ടൺ മരുന്നുകളും ഭക്ഷ്യവസ്തുക്കളും ഉൾപ്പെടെയാണ് യു എൻ റിലീഫ് ആൻഡ് വർക്ക്സ് ഏജൻസി വഴി ഇന്ത്യ എത്തിക്കുന്നത്. അവശ്യ മരുന്നുകൾ, ശസ്ത്രക്രിയാ സാമഗ്രികൾ, ഹൈ എനർജി ബിസ്ക്കറ്റുകൾ തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$

## RBI GOVERNOR

നിക്ഷേപ ആവശ്യങ്ങളും ഉപഭോഗവും വർധിക്കുന്നതിനാൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ചാഗതി മാറ്റമില്ലാതെ തുടരുകയാണെന്ന് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് . 2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം 7.2 ശതമാനമാകുമെന്നും ആർബിഐയുടെ പ്രതിമാസ ബുള്ളറ്റിനിൽ അദ്ദേഹം വ്യക്തമാക്കി. മെച്ചപ്പെട്ട കാർഷിക പ്രകടനം, ഗ്രാമീണ ആവശ്യകത എന്നിവ സ്വകാര്യ ഉപഭോഗത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതായും അദ്ദേഹം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$